സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം-1, 0471-2337790

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തിരുവല്ല ഗ്രൂപ്പിലെ അനിരുദ്ധേശ്വരം ദേവസ്വം വക ഷോപ്പിംഗ് കോപ്ലക്സിലെ 1,2,6,8 കടമുറികൾ **30/11/2020** ഉച്ചയ്ക്ക് 3 മണിക്ക് തിരുവല്ല അസിസ്റ്റന്റ് കമ്മീഷണറാഫീസിൽവച്ച് പരസ്യമായി ലേലം ചെയ്തു വാടകക്ക് നല്കുന്നതാണ്. കടമുറികൾക്ക് സെക്യൂരിറ്റി 50,000/- രൂപ നിശ്ചയിച്ച് ലേലം വിളി ആരംഭിക്കുന്നതും ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 10,000/-രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ടി തുകയ്ക്കുള്ള നിരതദ്രവ്യത്തോട്കൂടിയ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന /ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലനടപടികൾ അവസാനിപ്പിക്കുന്നതാണ്. **ഏറ്റവും കൂടുതൽ തുക വിളിച്ച/ക്വട്ടേഷൻ തന്നയാൾ ഡെപ്പോസിറ്റ് തുകയുടെ നേർപകുതി ലേലം കഴിഞ്ഞാലുടൻ ലേലസമയത്ത് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്.** ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. മാസവാടകക്ക് പുറമെ കറന്റ് ചാർജ്, വാട്ടർ ചാർജ്, ബിൽഡിംഗ് ടാക്സ് മറ്റ് സർക്കാർ നികുതികൾ മുതലായവ ലേലക്കാരൻ വഹിക്കേണ്ടതാണ്. ലേലം അംഗീകരിച്ചു വരുന്നമുറയ്ക്ക് ബാക്കിതുക അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനകം അടച്ച് നിയമാനുസൃതമായ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. ലേലം കൊണ്ട വ്യക്തി ലേലത്തിൽ നിന്നും പിന്മാറുകയാണെങ്കിൽ ടിയാൻ ലേലസമയത്ത് കെട്ടിവച്ച നിരതദ്രവ്യം ഡിപ്പാർട്ടുമെന്റിൽ മുതൽകൂട്ടുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് അനിരുദ്ധേശ്വരം ദേവസ്വം ഓഫീസ്, എസ്റ്റേററ് ഡിവിഷൻ ഓഫീസ് എന്നിവിടങ്ങളിൽ എല്ലാ പ്രവർത്തനസമയങ്ങളിലും അറിയാവുന്നതാണ്.കൂടാതെ നിലവിൽ കോവിഡ് -19 നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ ലേലനടപടികൾ സ്വീകരിക്കുകയുള്ളു എന്ന വിവരവുംകൂടി അറിയിച്ചുകൊള്ളുന്നു.

for എക്സിക്യൂട്ടീവ് എഞ്ചിനീയർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
തിരുവനന്തപുരം-1
0471-2337790

തിരുവനന്തപുരം
18/11/2020